# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം

നമ്പർ : 137. 22..3..2013-ൽ മറുപടിക്ക്

## ക്ഷീരനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. എം.പി. വിൻസെന്റ്:<br>ശ്രീ. വി.റ്റി. ബൽറാം: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ക്ഷീരമേഖലയുടെ സമഗ്ര പുരോഗതിക്കായി സംസ്ഥാനത്ത് ഒരു ക്ഷീരനയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. |
| (ബി) ക്ഷീര മേഖലയുടെ സമഗ്ര പുരോഗതിക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;<br><br>(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | (ബി) & (സി) ക്ഷീരനയ രൂപീകരണം സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു. ക്ഷീരമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി താഴെ പറയുന്ന കാര്യങ്ങളാണ് ക്ഷീരനയത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്. |

- പശു പരിപാലനം കാർഷിക വൃത്തിയായി അംഗീകരിക്കുക.
- കാർഷിക വായ്പകൾക്ക് നല്കുന്ന പലിശ നിരക്കിൽ ക്ഷീര കർഷകർക്കും വായ്പകൾ ലഭ്യമാക്കുക.
- ക്ഷീര മേഖലയിലെ പ്രവർത്തനങ്ങൾക്ക് (ഡയറി ഫാമുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുള്ള) വൈദ്യുതി നിരക്കിൽ ഇളവു നല്കുക.
- ക്ഷീര കർഷകർക്കും അവരുടെ ഉരുക്കൾക്കും സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുക.
- പാട ശേഖര സമിതികളെ പോലെ ക്ഷീര സഹകരണ സംഘങ്ങളെ കർഷക ഗ്രൂപ്പുകളായി പരിഗണിച്ച് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ക്ഷീരമേഖലയിലെ പദ്ധതി നടത്തിപ്പിൽ ക്ഷീര സഹകരണ സംഘങ്ങളെ സജീവ പങ്കാളികളാക്കുക.

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന തരിശു ഭൂമി കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക.

- സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി ഇൻസെന്റീവ് ആയി നല്കുക.

- ഉല്പാദനക്ഷമതയുള്ള പഞ്ചായത്തുകളിൽ ക്ഷീര വികസന യൂണിറ്റുകൾ സ്ഥാപിക്കുക.

- സംസ്ഥാനത്തെ ഉരുക്കളുടെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന രീതിയിൽ ബ്രീഡിംഗ് പോളിസിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുക.

- തനതു വർഗ്ഗ ഗുണമുള്ള ഇനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക.

- പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് കർഷകരെയും സംഘങ്ങളെയും പ്രാപ്തരാക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.

- ക്ഷീരമേഖലയുമായി ബന്ധപ്പെട്ട നിയമങ്ങൾ, ക്ഷീരകാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്നതിന് അനുകൂലമാകുന്ന വിധം പരിഷ്കരിക്കുക.

- കേരളത്തിന്റെ ക്ഷീര മേഖല ശാക്തീകരിക്കത്തക്ക വിധം കേന്ദ്ര സഹായം ലഭ്യമാക്കുക.

സെക്ഷൻ ഓഫീസർ